"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ടി.എച്ച്.ഷാജിയുടെ മകളും ആശ്രിതയുമായ കുമാരി സോനു ഷാജിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(കൈ) നം.276/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/11/2021

---

പരാമർശം:-
1. ജി.ഒ. (പി) നം. 12/99/പി&എ ആർ.ഡി തീയതി, 24.5.1999.
2. 21.02.2018-ലെ സ.ഉ.(കൈ) നം.5/2018/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ്.
3. കുമാരി സോനു ഷാജിയുടെ 01.06.2020 ലെ അപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 10.11.2020ലെ PAN/12396/2019 – E14 (DP) നം. കത്ത്.
5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 09.09.2021ലെ എ6 – 4439/2021 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ടി.എച്ച്.ഷാജിയുടെ മകളും ആശ്രിതയുമായ കുമാരി സോനു ഷാജി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച പരാമർശം (3) ലെ അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർ സൂക്ഷ്മ പരിശോധന നടത്തി ശുപാർശ ചെയ്ത് പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ 25.10.2018 – ലാണ് ടി.എച്ച്.ഷാജി നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം ടിയാൻ 22 വർഷവും 4 മാസവും 13 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. മരണപ്പെട്ട ടി.എച്ച്.ഷാജി സൂപ്പർന്യൂമറി തസ്തികയിൽ നിയമിക്കപെട്ടയാളല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചാവക്കാട് തഹസിൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ഭാര്യ, അപേക്ഷക ഉൾപ്പടെ രണ്ട് പെൺ മക്കൾ എന്നിവർ ഉൾപ്പെടുന്ന മൂന്ന് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകയായ കുമാരി സോനു ഷാജിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നല്കുന്നതിന് സമ്മതമാണെന്ന് പരേതന്റെ മറ്റ് അനന്തരാവകാശികൾ സമ്മതപത്രം നല്കിയിട്ടുണ്ട്. വരുമാന സർട്ടിഫികറ്റ് പ്രകാരം കുമാരി സോനു

ഷാജി ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 1,20,000/- രൂപയാണെന്ന് മുല്ലശ്ശേരി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴിയും ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും , സത്യവാങ്മൂലവും അപേക്ഷക സമർപ്പിച്ചിട്ടുണ്ട്.

3. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ അപേക്ഷകയ്ക്ക് 21 വയസ്സ് പൂർത്തിയായിട്ടുണ്ട് (D.O.B 25.10.1999). അപേക്ഷക ഡിഗ്രി യോഗ്യത നേടിയിട്ടുണ്ട്. അപേക്ഷക നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷക നിയമനം നൽകുന്നതിന് ഒന്നാമത്തെ ഓപ്ഷൻ ആയി നൽകിയിരിക്കുന്ന തസ്തിക അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. സ.ഉ.(പി) 12/99/പി&ആർഡി. തീയതി 24.05.1999 ഉത്തരവിലെ 16-ആം ഖണ്ഡിക പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം ക്ലാസ്സ് III, ക്ലാസ് IV ആയി പരിമിതപ്പെടുത്തിയിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ ക്ലാസ് III, ലോ ക്ലാസ് IV, ലോ ഉൾപ്പെടുന്നില്ല. ആയതിനാൽ അപേക്ഷകയുടെ രണ്ടാമത്തെ ഓപ്ഷൻ ആയ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുവാൻ കഴിയുകയുള്ളു.

4. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി ആയിരിക്കെ മരണപ്പെട്ട ടി.എച്ച്.ഷാജിയുടെ മകളും ആശ്രിതയുമായ കുമാരി സോനു ഷാജിക്ക് (തണ്ടശ്ശേരി ഹൗസ്, മുല്ലശ്ശേരി. പി. ഒ, തൃശ്ശൂർ - 680509) പരാമർശം (1) ലെ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ടി ആശ്രിതനിയമനം ആകെ നിയമനത്തിന്റെ 5% ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരേതനായ ടി.എച്ച്.ഷാജിയുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ വരുത്തേണ്ടതാണ്. അപേക്ഷകയെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് അവയുടെ സാധുത ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

6. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ കുമാരി സോനു ഷാജിക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡിഷണൽ സെക്രട്ടറി

1. കുമാരി സോനു ഷാജി, D/o Late ടി.എച്ച്.ഷാജി, തണ്ടശ്ശേരി ഹൗസ്, മുല്ലശ്ശേരി. പി. ഒ, തൃശ്ശൂർ - 680509 (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, തൃശ്ശൂർ.
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
5. ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

7. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 29-11-2021 11:11:32
Reason: Approved
സെക്ഷൻ ഓഫീസർ